# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2928** — **22. 02. 2016-ൽ മറുപടിക്ക്**

## അമൃതനഗരം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അമൃത നഗരം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; | (എ) കേരളത്തിലെ 9 നഗരങ്ങളെയാണ് അമൃത് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളും, ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മുനിസിപ്പാലിറ്റികളുമാണ് അവ. ഈ നഗരങ്ങളിൽ 587.48 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ 2015-16 വർഷത്തെ സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാനിൽ നിന്നും കുടിവെള്ള വിതരണം, സിവറേജ് സംവിധാനം ഏർപ്പെടുത്തൽ, ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തൽ, കാൽനടയാത്രക്കാർക്കുള്ള നടപ്പാതകൾ നിർമ്മിക്കൽ, പാർക്കുകളുടെ നവീകരണം എന്നിവയ്ക്കായി 34.39 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) എല്ലാകുടുംബങ്ങൾക്കും കുടിവെള്ളവും സിവറേജ് സംവിധാനവും ലഭ്യമാക്കുക, അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി മോട്ടോർരഹിത ഗതാഗത സൗകര്യങ്ങൾ ഒരുക്കി നൽകുക, നഗരങ്ങളുടെ മനോഹാരിത നിലനിർത്തുന്നതിന് തുറസ്സായ സ്ഥലങ്ങളും പാർക്കുകളും സ്ഥാപിക്കുക തുടങ്ങിയവയ്ക്കായി അമൃത് പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ കുടിവെള്ള വിതരണം, മലിനജല നിർഗ്ഗമന ഓടകളുടെ നിർമ്മാണം, മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ, പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഗ്രീൻസ്പെയ്സുകളും പാർക്കുകളും ഒരുക്കി നൽകൽ എന്നീ മേഖലകളുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നഗരസഭകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | അമൃത് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:<br>1. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന ഹൈപവർ കമ്മിറ്റി രൂപീകരിച്ചു.<br>2. തദ്ദേശ നഗരകാര്യ വകുപ്പ് സെക്രട്ടറിയെ മിഷൻ ഡയറക്ടറായും, കെ.എസ്.യു. ഡി.പി പ്രോജക്ട് ഡയറക്ടറെ പദ്ധതിയുടെ നോഡൽ ആഫീസറായും നിയമിച്ചു.<br>3. പദ്ധതിയിൻകീഴിൽ തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട സാങ്കേതിക - ധനകാര്യ പരിശോധനയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു.<br>4. അമൃത് നഗരങ്ങളുമായി ബന്ധപ്പെട്ട സർവ്വീസ് ലെവൽ ഇംപ്രൂവ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും അവ ക്രോഡീകരിച്ച് ഒരു സംസ്ഥാനതല ആനുവൽ ആക്ഷൻപ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തു. ഇപ്രകാരം സമർപ്പിച്ച 587.48 കോടി രൂപയുടെ പദ്ധതികൾക്ക് 26.11.2015 ൽ ചേർന്ന കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അപ്പക്സ്കമ്മിറ്റി അംഗീകാരം നൽകുകയും പദ്ധതി പ്രവർത്തനങ്ങൾക്കായി 287.98 കോടി രൂപ കേന്ദ്രവിഹിതമായി വകയിരുത്തുകയും 57.60 കോടി രൂപ ആദ്യഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>5. 2015–16 സാമ്പത്തിക വർഷത്തേക്കായി സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാനിൽ നിന്നും തെരഞ്ഞെടുത്ത 34.39 കോടി രൂപയുടെ പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ഭരണാനുമതിക്കായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിനുമുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ